# ‘ദൈവവചനത്തിൽ വേരൂന്നുക’

## 2 തിമൊഥെയോസ് 1:13–14

**“എന്നോടു കേട്ട പത്ഥ്യവചനം നീ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊൾക. ആ നല്ല ഉപനിധി നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊൾക.”**

അപ്പൊസ്തൊലനായ പൗലോസ് തന്റെ മകനായി കണ്ട് സ്നേഹിച്ച തിമൊഥെയോസിന്നു 2 ലേഖനങ്ങൾ എഴുതിയപ്പോൾ അതു മുഴുവൻ അവനുള്ള ഉപദേശങ്ങളാൽ നിറെഞ്ഞിരിക്കുന്നു. അതു ഇന്ന് നമുക്ക് ജീവിതത്തിൽ ഉതകുന്ന നല്ല പത്ഥ്യവചനങ്ങളായി നിലകൊള്ളുന്നു. പൗലോസ് ഇവിടെ പറയുന്നത്, തന്നിൽ നിന്നു കേട്ടറിഞ്ഞ ദൈവവചനങ്ങൾ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊൾവാനാണ്. ഒരു നാണയത്തിനു ഇരുവശങ്ങളുള്ളതുപോലെ എവിടെ നന്മ പ്രസ്താവിക്കപ്പെടുന്നോ അവിടെ തിന്മ കടന്നു കയറാൻ വളരെ എളുപ്പമാണെന്ന് പൗലോസിന്നു നന്നായി അറിയാമായിരുന്നു. അതു തന്നെയല്ല, തന്നെ നിഷേധിക്കുകയും എതിർക്കുകയും തന്റെ പഠിപ്പിക്കലുകൾക്കു വിരോധമായി പല തരത്തിലുള്ള ആശയങ്ങളുമായി കള്ളപ്രവാചകന്മാർ സഭയിലും സമൂഹത്തിലും കടന്നു കൂടും എന്നും പൗലോസ് മനസ്സിലാക്കി, അതു സംഭവിച്ചും പോന്നു. ആയതിനാൽ അതിൽ നിന്നെല്ലാം ഒഴിഞ്ഞു തന്നെത്തന്നെ യേശുക്രിസ്തുവിന്റെ നല്ല ഭടനായി രൂപാന്തരപ്പെടുത്തിയെടു ക്കുവാനായിട്ടാണ് പൗലോസ് തിമൊഥെയോസിനോട് ആഹ്വാനം ചെയ്യുന്നത്. അതിന്നു തന്നിൽ നിന്നു കേട്ട വചനങ്ങളെ മുറുകെ പിടിക്കുക. അത് ഒരിക്കലും സ്വയം സാദ്ധ്യമാവുകയില്ല എന്നു കൂടി തൊട്ടടുത്ത വാക്യത്തിൽ ഓർമ്മിപ്പിക്കുന്നു. അതിന്നായി പരിശുദ്ധാത്മാവിന്റെ സഹായം കൂടിയേ മതിയാവൂ എന്നാണ് പൗലോസ് ഉറപ്പിച്ചു പറയുന്നത്.

പ്രിയരെ ഇന്നത്തെ ഈ ലോകത്തിൽ ഇപ്രകാരമുള്ള തെറ്റായ പഠിപ്പിക്കലുകളുടെ ഒരു സാന്നിധ്യം കൂടി വരുന്നതായി നമുക്ക് കാണാം. ക്രിസ്തു ദൈവപുത്രനല്ലെന്നും, ത്രിത്വൈക ദൈവം എന്ന ഒരു ധാരണ വെറും മിഥ്യയാണെന്നും, സ്വർഗ്ഗവും നരകവും വെറും സങ്കൽപ്പമാണെന്നും ഈ ഭൂമിയിലുള്ള ജീവിതം ആസ്വദിക്കുന്നതിനുള്ള ഒരു സമയമാണെന്നും, വിശ്വാസത്താൽ ഒരിക്കലും ഒരുവനു രക്ഷ നേടാനാകില്ലെന്നും ഒക്കെ പറഞ്ഞ് പരത്തി അതിനു തക്കവണ്ണം ആളുകളെ പറഞ്ഞ് വിശ്വസിപ്പിക്കുവാനുള്ള വാക്ചാതുര്യതയോടു കൂടിയാണ് അവർ കടന്നു വരുന്നത്. നാം ഒരു കാര്യം ഓർക്കണം ഇതെല്ലാം സാത്താനിൽ വേരൂന്നിവരുന്ന കാര്യങ്ങളാണ്. അതു തന്നെയാണ് അവൻ

ക്രിസ്തുവിനെ മരുഭൂമിയിൽ പരീക്ഷിക്കാൻ പോയപ്പോൾ ഉപയോഗിച്ചതും. എന്നാൽ വചനത്തിൽ വേരൂന്നി കർത്താവ് അതിന്മേൽ ജയം നേടി. ഇന്ന് നാം ഇപ്രകാരമുള്ള പല തരത്തിലുള്ള കള്ളപ്രവാചകന്മാരെയും അവരുടെ ഉപദേശങ്ങളെയും അഭിമുഖീകരിക്കേണ്ടതായി വരും. അവിടെയെല്ലാം നമുക്ക് ഒരിക്കലും തനിയെ ജയം നേടുക അത്ര എളുപ്പമല്ല. അതിനായി നാം ദൈവവചനത്തിൽ വേരൂന്നിയവരായി മാറണം, കൂടാതെ പരിശുദ്ധാത്മാവിന്റെ നിരന്തരമായ സഹായം നമ്മോടൊപ്പം ഉണ്ടാവണം.

2 തിമൊഥെയോസ് 3:13 മുതൽ വായിക്കുമ്പോൾ അവിടെ ഇപ്രകാരം പറയുന്നു, "ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും. നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ അറികയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക." തുടർന്നു വായിക്കുമ്പോൾ അവിടെ പറയുന്നത് വചനം ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സൽപ്രവൃത്തിക്കും തികഞ്ഞവൻ ആകുവാൻ അവനെ പ്രാപ്തനാക്കുന്നതും അവന്റെ ജീവിതത്തിൽ ഉപദേശമായും, ശാസനയായും, ഗുണീകരണത്തിനുള്ള ഉപാധിയായും, നീതി അഭ്യസിക്കുന്നതിനു പ്രയോജനമുള്ളതായും ഇരിക്കുന്നു എന്നാണ്. ആയതിനാൽ ഏതൊരു ദൈവപൈതലിന്നും അവന്റെ ജീവിതത്തിൽ തിന്മകളെ തിരിച്ചറിഞ്ഞ് നന്മയിൽ മാത്രം ജീവിക്കാൻ ദൈവവചനത്തിൽ നിറെയുകയും ബലപ്പെടുകയും ചെയ്യുക എന്നത് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. അതു കൂടാതെ നിരന്തരമായ പരിശുദ്ധാത്മ സാമീപ്യം ജീവിതത്തിൽ നമുക്ക് ബലമേകുകയും ചെയ്യുന്നു. ആയതിനാൽ വചനത്തിൽ വേരൂന്നുന്നതിന്നും പരിശുദ്ധാതാവിന്റെ സമീപ്യത്താൽ അതിൽ നിലനിൽക്കുന്നതിന്നും ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
സങ്കീർത്തനങ്ങൾ 119:16
ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും; നിന്റെ വചനത്തെ മറക്കയുമില്ല.

ബ്രദർ. ബിനു ബേബി ആലപ്പുഴ 118